**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3465** **26-10-2021 - ൽ മറുപടിയ്ക്ക്**

**നീര ഉൽപ്പാദന യൂണിറ്റുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദ്ദീൻ | | **Shri. P. Prasad**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് നീര ഉല്പാദനത്തിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ; | (എ) | നീര ഉല്പാദനം ത്വരിതപ്പെടുത്തുവാനായി 22.06.2015ലെ സ.ഉ.(എം.എസ്) നം.111/2015/ അഗ്രി ഉത്തരവ് പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിരുന്നു. കേരളത്തിന്റെ പ്രധാന കാർഷിക വിളകളിലൊന്നായ തെങ്ങിൽ നിന്നുള്ള ഉൽപ്പന്നമായ നീരയ്ക്ക് സംസ്ഥാനത്തിനകത്തും പുറത്തും വിദേശ രാജ്യങ്ങളിലുൾപ്പടെ കൈവന്നിട്ടുള്ള സ്വീകാര്യതയും വിപണനസാധ്യതയും കണക്കിലെടുത്തു നീരയുടെ ഉല്പാദനവും വിപണനവും വർധിപ്പിക്കുന്നതിനും ആയതിനു ഒരു അന്താരാഷ്ട്ര നിലവാരം വരുത്തുന്നതിനും 18.7.2018 ലെ സ.ഉ(പി)നം.6/2018/അഗ്രി ഉത്തരവ് പ്രകാരം ഗുണനിലവാര മാനദണ്ഡങ്ങൾ നിശ്ചയിച്ചിരുന്നു. നാളികേര വികസന ബോർഡിന്റെ കീഴിൽ നാളികേര പ്രൊഡ്യൂസർ കമ്പനികൾക്ക് നീര പ്രോസസ്സിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് കെട്ടിട - യന്ത്ര സാമഗ്രികൾക്ക് ചിലവാക്കുന്ന തുകയുടെ 25% (പരമാവധി 50 ലക്ഷം രൂപ) വരെ നൽകുന്നതിനുള്ള പദ്ധതിക്കായി 2017-18ൽ 200 ലക്ഷം രൂപ അനുവദിച്ചിരുന്നു. വായ്പാധിഷ്ഠിത പദ്ധതികൾക്ക് ബാക്ക് എൻഡ് സബ്സിഡി നൽകുന്നതായിരുന്നു പദ്ധതിയുടെ ലക്ഷ്യം. പദ്ധതി ചിലവിന്റെ 25 ശതമാനത്തിൽ താഴെയായിരിക്കണം കെട്ടിട നിർമാണ ചെലവ്. കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഏജൻസികൾക്ക്, സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം സാക്ഷ്യപ്പെടുത്തിയ പദ്ധതികൾ കൃഷി ഡയറക്ടർക്ക് സമർപ്പിക്കേണ്ടതായിരുന്നു. നാളികേര വികസന ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന നാളികേര ഉല്പാദന സൊസൈറ്റികൾ/ഫെഡറേഷൻ എന്നിവയ്ക്ക് നാളികേര വികസന ബോർഡ് സാക്ഷ്യപ്പെടുത്തിയ പദ്ധതികൾ കൃഷി ഡയറക്ടർക്ക് സമർപ്പിക്കേണ്ടതായിരുന്നു. നീര ടെക്നീഷ്യന്മാരുടെ |

| | | | |
|---|---|---|---|
| | | | പരിശീലനവുമായി ബന്ധപെട്ടു ഏകീകൃത കരിക്കുലം നാളികേര വികസന ബോർഡ് തയാറാക്കി. ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള നാളികേര ഉത്പാദക സൊസൈറ്റികൾ/ ഫെഡറേഷൻ എന്നിവയുടെ പരിശീലനം നാളികേര വികസന ബോർഡ് നടത്തി. കൃഷി വകുപ്പിന് കീഴിലുള്ള ഏജൻസികൾക്ക് നാളികേര വികസന ബോർഡ് കരിക്കുലം അനുസരിച്ച് പരിശീലനം നടത്താനും ലക്ഷ്യമിട്ടിരുന്നു. ഇത് കേരള കാർഷിക സർവകലാശാല വിലയിരുത്തുന്നതായിരുന്നു. നീര ടെക്നീഷ്യന്മാർക്ക് പരിശീലനത്തിനായി ഒരാൾക്ക് 10000 രൂപ വീതം സബ്സിഡി അനുവദിക്കുന്നതായിരുന്നു പദ്ധതിയുടെ ലക്ഷ്യം. |
| (ബി) | 2011-16 കാലത്തെ സർക്കാർ രൂപീകരിച്ച നീര ഉൽപാദന യൂണിറ്റുകൾ ഇപ്പോൾ പ്രവർത്തിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | നീര ഉൽപാദന യൂണിറ്റുകളുടെ പ്രവർത്തനം ഇപ്പോൾ മന്ദഗതിയിലാണ്. നീരയും നീര അധിഷ്ഠിത ഉൽപ്പന്നങ്ങളും വിറ്റഴിക്കുന്നതിന് കേന്ദ്രീകൃതമായ സംവിധാനങ്ങൾ ഒരുക്കാൻ അന്ന് നാളികേര വികസന ബോർഡിന് സാധിച്ചിരുന്നില്ല. |

സെക്ഷൻ ഓഫീസർ